(2) കുട്ടനാട്ടിൽ ശുദ്ധജലവിതരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി

ഡോ. കെ. സി. ജോസഫ്: സർ, കുട്ടനാട് മേഖലയാകെ ഇപ്പോൾ പ്രളയജലത്തിലാണ്. അങ്ങനെ വെള്ളത്തിനടിയിൽ കിടക്കുന്നുവെങ്കിലും കുടിവെള്ളത്തിനുവേണ്ടി ഇപ്പോഴും ദാഹിച്ചുകൊണ്ടിരിക്കുന്ന, പ്രത്യേകതയുള്ള പ്രദേശമാണ് കുട്ടനാട്. അവിടത്തെ ശുദ്ധജലപ്രശ്നം കണക്കിലെടുത്താണ് 1970-കളിൽ കുട്ടനാട് താലൂക്കിലെ 12 പഞ്ചായത്തുകൾക്കുവേണ്ടി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. 22 എം.എൽ.ഡി. വെള്ളം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് ആരംഭിച്ച ആ പദ്ധതി 1976-ൽ കമ്മിഷൻ ചെയ്തതായാണ് സർക്കാരിന്റെ കണക്ക്. എന്നാൽ നിർഭാഗ്യകരമെന്നുപറയട്ടെ ഈ 22 എം.എൽ.ഡി. വെള്ളത്തിൽ ഒരു തുള്ളി വെള്ളം പോലും അതിൽ നിർദ്ദേശിച്ചിട്ടുള്ള സ്ഥലത്തിൽ കിട്ടുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. 2000-ൽ ഈ പ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ട് 11 എം.എൽ.ഡി. വെള്ളം കൂടി കൊടുക്കുന്നതിനു വേണ്ടിയുള്ള ഒരു ആഗ്മെന്റേഷൻ സ്കീം നടപ്പിലാക്കി. 2000-ൽ അത് കമ്മിഷൻ ചെയ്തു. എന്നാൽ ഈ 11 എം.എൽ.ഡി.-ൽ പകുതിയിലേറെ ഭാഗം വെള്ളവും മറ്റ് പ്രദേശങ്ങൾക്കാണ് കൊടുക്കുന്നത്. ഇങ്ങനെ കുട്ടനാടിന്റെ പേരിൽ 33 മില്യൺ ലിറ്റർ വെള്ളം ശുദ്ധീകരിച്ചു വിതരണം ചെയ്യുന്നുവെങ്കിലും കേവലം നാല് ദശലക്ഷം ലിറ്റർ ജലത്തിനു താഴെമാത്രമാണ് ഈ പദ്ധതിക്കായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്ഥലത്തേക്ക് കൊടുത്തത്. ഒരു പദ്ധതി വിഭാവന ചെയ്യുന്ന സ്ഥലത്തേക്ക് വെള്ളം കൊടുക്കാതെ, ഡൈവേർട്ട് ചെയ്ത്, ആ പദ്ധതിയെ എങ്ങനെ കുളമാക്കാമെന്നുള്ളതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് കുട്ടനാട് ശുദ്ധജല വിതരണ പദ്ധതി. മാറിമാറി വരുന്ന ഗവൺമെന്റ്, മന്ത്രിമാരെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. മാറി മാറി വരുന്ന എല്ലാപേരും അതിൽ വേണ്ടത്ര കോൺട്രിബ്യൂഷൻ ചെയ്തിട്ടുണ്ട്. കുട്ടനാട്ടിലെ 12 പഞ്ചായത്തുകളിൽ നീലംപേരൂർ, തകഴി, നെടുമുടി, കൈനകരി എന്നീ നാലു പഞ്ചായത്തുകളിൽ ഈ സ്കീമിൽനിന്നും വെള്ളം കൊടുക്കുന്നില്ല. എടത്വ, തലവടി, മുട്ടാർ തുടങ്ങിയ പഞ്ചായത്തുകളിൽ ഭാഗികമായി മാത്രമാണ് വെള്ളം കൊടുക്കുന്നത്. പ്രധാനപ്പെട്ട പ്രസരണ കുഴലിന് സമീപമുള്ള പ്രദേശങ്ങളിൽ മാത്രം വെള്ളം കിട്ടും. മൂന്നു പഞ്ചായത്തുകളിൽ 3 ദിവസം വീതമാണ് വെള്ളം കിട്ടുന്നത്; ഓരോ എം.എൽ.ഡി.-യിൽ താഴെ വെള്ളം മാത്രം. വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന കുട്ടനാടിന്റെ പാരിസ്ഥിതിക പ്രശ്നങ്ങൾ, ജലമലിനീകരണ പ്രശ്നങ്ങൾ, ഉപ്പുവെള്ളം കയറ്റം ഇതെല്ലാംകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പ്രൊട്ടക്ടഡ് വാട്ടർ സ്പ്ലൈ മാത്രമാണ് അവിടെ പരിഹാരമായിട്ടുള്ളത്. അണ്ടർ ഗ്രൗണ്ട് വാട്ടർ കുട്ടനാട്ടിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമല്ലെന്ന് സി.ഡബ്ല്യൂ.ആർ.ഡി.-ലെ ഡോ. ബസന്ത് നടത്തിയ പഠനം തെളിയിച്ചിട്ടുണ്ട്. ഹൈഡ്രജൻ സൾഫൈഡ് കണ്ടന്റും അയൺ കണ്ടന്റും കൂടുതലായതുകൊണ്ട് കുഴൽക്കിണർ കുത്തി കുടിവെള്ളം കൊടുക്കാൻ കഴിയുന്നില്ല. അതിന് പരിഹാരമായി പ്രൊട്ടക്ടഡ് വാട്ടർ സപ്ലൈ സ്കീമിലൂടെ എല്ലാ പഞ്ചായത്തിലും ആവശ്യമായ വെള്ളം കൊടുക്കുന്നതിനുവേണ്ടിയുള്ള ചില നടപടികൾ ഉണ്ടാക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും ഇപ്പോഴും അത് മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞിട്ടില്ല. പല കോൺഫറൻസുകളും നടത്തിയിട്ടുണ്ട്; പല തീരുമാനങ്ങളും എടുത്തിട്ടുണ്ട്. അതിൽ ഒന്നുപോലും നടപ്പാക്കിയിട്ടില്ല. ഈ ഗവണ്മെന്റിന്റെ കാലത്തുതന്നെ ബഹുമാനപ്പെട്ട തിരുവഞ്ചൂരിനു മുമ്പുള്ള മന്ത്രി പല തീരുമാനങ്ങളും എടുത്തിട്ടുണ്ട്. എന്നാൽ ബോധപൂർവ്വമോ അല്ലാതെയോ ഇത് നടന്നിട്ടില്ല. കുട്ടനാട്ടിലെ ഈ പ്രത്യേക പ്രശ്നം പരിഗണിച്ചുകൊണ്ട് 1972-ൽ തുടങ്ങിയ ഈ പദ്ധതി വിഭാവനം ചെയ്ത സ്ഥലങ്ങളിൽ വെള്ളം എത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പത്തുകൊല്ലം മുമ്പ് പണി തുടങ്ങിയ പള്ളിക്കെട്ടുമേലെ ഓവർഹെഡ് ടാങ്കുപോലും പൂർത്തീകരിച്ചിട്ടില്ല. തലവടി, മുട്ടാർ, രാമങ്കരി ഓവർഹെഡ് ടാങ്ക് അനുവദിച്ചെങ്കിലും ഇപ്പോഴും പണി തുടങ്ങിയിട്ടില്ല. അറ്റകുറ്റപ്പണികൾ വളരെ മോശമായി നടക്കുകയാണ്. 10 പഞ്ചായത്തുകളിലെ പണി നോക്കാൻവേണ്ടി ഒരു സെക്ഷൻ ഓഫീസാണുള്ളത്. ചില സെക്ഷൻ ഓഫീസുകളിൽ മൂന്നുനാലു പഞ്ചായത്തുകളുണ്ടെങ്കിലും ഇതുപോലെ വിസ്തൃതമായ ഒരു പ്രദേശത്ത് പ്രത്യേകം സെക്ഷൻ ഇല്ലെങ്കിൽ പണി നടക്കുകയില്ല. ഇതിനു പരിഹാരമായി പുതിയ സെക്ഷൻ തുടങ്ങാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി കോൺഫറൻസിൽ തീരുമാനിച്ചുവെങ്കിലും ഇന്നും അതിന്റെ പണി തുടങ്ങിയിട്ടില്ല. 1970-ൽ സ്ഥാപിച്ച പ്രധാന കുഴലാണ് ട്രാൻസ്മിഷൻ ലൈനും ട്രീറ്റുമെന്റ് ലൈനും. ഇപ്പോൾ റോഡ് വീതികൂട്ടി, ഉയർത്തി. ഇപ്പോൾ അനുവദിച്ച നീരേറ്റുപുറം ട്രീറ്റ്മെന്റ് പ്ലാന്റിന് സ്ഥലം അക്വയർ ചെയ്യാൻ കുട്ടനാട്ടിലെ 9 പഞ്ചായത്തുകൾ അര ലക്ഷം രൂപ വീതവും, രണ്ടു ബ്ലോക്ക് പഞ്ചായത്തുകൾ അര ലക്ഷം രൂപ വീതവും, ജില്ലാ പഞ്ചായത്ത് രണ്ടു ലക്ഷം രൂപയും ഉൾപ്പെടെ ആകെ ഏഴര ലക്ഷം രൂപ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കയ്യിൽ എൽപ്പിച്ചിട്ടുണ്ട്. സ്ഥലം വാങ്ങി ട്രീറ്റുമെന്റ് പ്ലാന്റ് പണിതാൽപോലും, വെള്ളം വിതരണം ചെയ്യണമെങ്കിൽ പുതിയ ട്രാൻസ്മിഷൻ ലൈനും മെയിൻ ഡിസ്ട്രിബ്യൂഷൻ ലൈനും ഇടണം; ലൈൻ ഇല്ലാത്ത സ്ഥലങ്ങളിൽ ഡിസ്ട്രിബ്യൂഷൻ ലൈനും ഇടണം. ഈ പദ്ധതിക്കു പുറമേ ഒരു പദ്ധതികൂടി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങണം. അവിടെ ചേർന്ന ആലോചനാ യോഗത്തിൽ തിരുവല്ലയിലെ വാട്ടർ അതോറിറ്റി ഓഫീസിൽ കുറേ എ.സി. പൈപ്പുകൾ കിടക്കുന്നുണ്ടെന്നും അത് ഉപയോഗിക്കാവുന്നതാണെന്നും പറഞ്ഞു. അതിടാൻവേണ്ടി ഒരു സ്കീമും തയ്യാറാക്കി. അവർ പറയുന്നത് ഏതെങ്കിലും പദ്ധതി ചാർജ് ചെയ്താൽ ഇത് ഇടാൻ കഴിയുമെന്നാണ്. എന്നാൽ വർഷങ്ങളായി അവിടെ ഉപയോഗം ഇല്ലാതെ കിടക്കുന്ന പൈപ്പ് ഇടാൻപോലും നടപടി സ്വീകരിക്കുന്നില്ല. അത് ചെയ്തിരുന്നെങ്കിൽ ഒരു പഞ്ചായത്തിലെങ്കിലും വെള്ളം കൊടുക്കാൻ കഴിയുമായിരുന്നു. കുട്ടനാടിനോട് കടുത്ത അവഗണന മാറിമാറി വന്ന ഗവണ്മെന്റുകൾ കാണിച്ചിട്ടുണ്ട്. അതിന് പരിഹാരം ഉണ്ടാക്കണം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ചേട്ടന്റെ ഭാര്യവീട് അവിടെയാണ്. അതുകൊണ്ട് അദ്ദേഹത്തിനും വ്യക്തിപരമായി ബന്ധമുള്ള സ്ഥലമാണ്. നെല്ലുൽപ്പാദനത്തിൽനിന്നും എല്ലാപേരും മാറിനിൽക്കുമ്പോഴും സാമൂഹ്യബാദ്ധ്യതയെ മുൻനിർത്തി നെല്ലുൽപ്പാദിപ്പിച്ച് നാടിനെ മുഴുവൻ തീറ്റിപ്പോറ്റുന്ന കുട്ടനാട്ടിലെ ജനങ്ങൾക്ക് നല്ല വെള്ളം കുടിക്കുന്നതിനാവശ്യമായ സംവിധാനം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):* സർ, എന്റെ ചേട്ടന്റെ ഭാര്യവീട് അവിടെയെന്ന് മാത്രമല്ല കൃാബിനറ്റ് റാങ്കിലുള്ള ഒരാൾ ഈ സഭയിൽ ഇരുന്നിട്ടുപോലും പരിഹരിക്കാത്ത ഒരു പ്രശ്നമാണിത്. അത് നമുക്ക് ബോദ്ധ്യമുണ്ട്. സാധാരണ അങ്ങനെ ഭാര്യവീടിനടുത്ത് പക്ഷാഭേദം കാണിക്കരുതെന്നാണ് പറയുന്നത്. ഞാൻ വിവാദത്തിലേക്ക് പോകുന്നില്ല. അങ്ങയെപ്പോലെ സദ്ബുദ്ധിയുള്ള ഒരാൾ ഉപദേശിച്ചാൽപ്പോലും അത് ചെയ്യരുതെന്നാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. രണ്ട് പ്രദേശങ്ങൾക്കായുള്ള പദ്ധതി എന്ന നിലയിൽ ഇതിൽ പ്രശ്നങ്ങളുണ്ട്. തിരുവല്ല മുനിസിപ്പാലിറ്റിയും, ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയും പിന്നെ കുട്ടനാട് ഏരിയയുമാണ് ഇതിൽപ്പെടുന്നത്. കുട്ടനാട് ഏരിയയിൽ വെള്ളം കൊടുക്കുന്നതിനുവേണ്ടി വിവക്ഷിക്കപ്പെടുകയും അവിടെ 12 എം.എൽ.ഡി. വെള്ളം കൊടുക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു. കൊടുക്കുന്ന വെള്ളത്തിന്റെ അളവിൽ കുറവുണ്ടാകുന്നു എന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച സാങ്കേതികത്വത്തിലൂടെ ഞാൻ മനസ്സിലാക്കുകയാണ്. ഇവിടെ അങ്ങ് സൂചിപ്പിച്ചത് 1972-ൽ ആരംഭിച്ച് 1976-ൽ കമ്മീഷൻ ചെയ്തു എന്നാണ്. 1976 എന്ന് പറഞ്ഞു. എന്നാൽ റിക്കാർഡിൽ 1977-ൽ കമ്മീഷൻ ചെയ്തു എന്നാണ് പറഞ്ഞിരിക്കുന്നത്. 1998-ൽ എൽ.ഐ.സി.-യുടേയും ഹഡ്കോയുടേയും സഹായത്തോടുകൂടി പമ്പാ നദി ഉറവിടമാക്കി ചങ്ങനാശ്ശേരി, തിരുവല്ല മുനിസിപ്പാലിറ്റികൾക്കുവേണ്ടി 25.2

എം.എൽ.ഡി. ശുദ്ധജലവിതരണ പദ്ധതി അതിന്റെ മറ്റൊരു ഘടകമായി നിൽക്കുകയാണ്. കുട്ടനാട് പദ്ധതികൊണ്ട് രണ്ടര ലക്ഷം ആളുകൾക്ക് പ്രയോജനം ഉണ്ടായി എന്നാണ് പറയപ്പെടുന്നത്. 550 കിലോമീറ്റർ പൈപ്പ് ലൈൻ ഉള്ളതായി രേഖകളിൽ കാണുന്നു. 2100 പബ്ലിക് ടാപ്പുകളും 4850 ഗാർഹിക കണക്ഷനുകളും ഉള്ള 11 എം.എൽ.ഡി. ശേഷിയുള്ള ട്രീറ്റുമെന്റ് പ്ലാന്റ് തിരുവല്ലയിൽ സ്ഥാപിച്ചു. ഇതൊരു ഘടകമായി നിൽക്കുകയാണെങ്കിലും തിരുവല്ലയിലെ പ്ലാന്റിൽനിന്നും കടപ്ര, നിരണം, നെടുമ്പ്രം, പെരിങ്ങര, വെളിയനാട്, തലവടി, എടത്വ, മുട്ടാർ, രാമങ്കരി, ചമ്പക്കുളം, നീലമ്പേരൂർ, കാവാലം, പുളിങ്കുന്നം എന്നീ 12 സ്ഥലങ്ങളിലേക്ക് വെള്ളം കൊടുക്കണം എന്നാണ് പ്രതീക്ഷിക്കുന്നത്. ഇവിടെ വിതരണം നടത്തണമെങ്കിൽ ഏകദേശം 16.5 എം.എൽ.ഡി.-യോളം വെള്ളം വേണം എന്നാണ് വിവക്ഷിക്കുന്നത്. പദ്ധതിയിലെ പ്രശ്നങ്ങൾ അങ്ങ് ഇവിടെ സൂചിപ്പിച്ചു. എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അങ്ങയെക്കൂടി ഉൾപ്പെടുത്തി, ചർച്ച ചെയ്ത് പ്രായോഗികമായ പരിഹാരം ഉണ്ടാക്കുന്നതിനുള്ള നടപടി എടുക്കാം. അതോടൊപ്പംതന്നെ കാവാലം, എടത്വ എന്നീ രണ്ടു സ്ഥലങ്ങളിൽ ഓരോ കുഴൽക്കിണറുകളുണ്ട്. കൂടാതെ എടത്വ, പുളിങ്കുന്ന് എന്നിവിടങ്ങളിൽ ഓരോ കുഴൽക്കിണറുകൾകൂടി കമ്മീഷൻ ചെയ്തു കഴിഞ്ഞു. കുഴൽക്കിണറുകളിലെ വെള്ളത്തിന്റെ ക്വാളിറ്റി മോശമാണെന്നുള്ള സത്യം നിലനിൽക്കുന്നുണ്ട്. പദ്ധതിപ്രദേശമായ കൈനകരി, നെടുമ്പ്രം, തകഴി പ്രദേശങ്ങളിൽ ശുദ്ധജലവിതരണം നടക്കുന്നില്ല. നിലവിലുള്ള കുഴൽക്കിണറുകളിൽനിന്നുമാണ് ഇവിടെ ശുദ്ധജലവിതരണം നടക്കുന്നത്. എന്നാൽ കുഴൽക്കിണറുകളിലെ വെള്ളത്തിന്റെ ഗുണമേൻമ മെച്ചമല്ലെന്നുള്ളതുകൊണ്ട് പ്രശ്നങ്ങളുണ്ട്. ലോവർ കുട്ടനാട്ടിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് നീരേറ്റുപുറത്ത് 18 എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണശാലയ്ക്ക് എ.ആർ.പി. സ്കീമിൽ അനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തിന്റെകൂടെ സഹായം ആവശ്യപ്പെടുകയാണ്. ആ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പണം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൊടുത്തു എന്നു പറഞ്ഞു. അത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കയ്യിലല്ല. കൺസേൺഡ് പഞ്ചായത്തിന് സ്ഥലം അടിയന്തിരമായി ഏറ്റെടുക്കാൻ കഴിഞ്ഞാൽ അതിനുശേഷമുള്ള നടപടികൾ വളരെ ത്വരിതഗതിയിൽ കൊണ്ടുപോകാൻ കഴിയും. ഇവിടെ എ.സി. പൈപ്പുകളെക്കുറിച്ചു പറഞ്ഞു. എന്നാൽ എ.സി. പൈപ്പുകൾ മോശമാണെന്നാണ് എനിക്ക് കിട്ടിയ റിപ്പോർട്ട്. എവിടെയെങ്കിലും വേസ്റ്റായി കിടക്കുന്ന എ.സി. പൈപ്പ് ഇവിടെ ഉപയോഗിച്ചാൽ പിന്നെ എന്നും പൈപ്പിനെക്കുറിച്ചുള്ള പരാതിയായിരിക്കും പിന്നീടുണ്ടാകുക.

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ നേരത്തെ പറഞ്ഞതുപോലെ അങ്ങനെ നിർബന്ധം ഉണ്ടെങ്കിൽ നമുക്ക് ചർച്ച നടത്തിയശേഷം കാളിറ്റികൂടി വിലയിരുത്തിയശേഷം അത് ഉപയോഗിക്കാൻ കഴിയുന്നതാണെങ്കിൽ ഉപയോഗിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കാവുന്നതാണ്. അതൊടൊപ്പംതന്നെ എൻ.സി.പി.സി. പദ്ധതിയിൽപ്പെടുത്തി രാമങ്കരി, മുട്ടാർ, തലവടി എന്നിവിടങ്ങളിൽ നാലര ലക്ഷം ലിറ്റർ ശേഷിയുള്ള ഒ.എച്ച്. ടാങ്കിന്റെ പണി പുരോഗമിച്ചുവരികയാണ്. മറ്റ് രണ്ടു സ്ഥലങ്ങളിൽ ഒ.എച്ച്. ടാങ്കിന്റെ പണി ഉടൻതന്നെ ആരംഭിക്കാൻ കഴിയും. ഇതുകൂടാതെ തന്നെ 6 ഒ.എച്ച്. ടാങ്കുകൾ നിലവിലുണ്ട്. ഭൂതല സംഭരണികളിൽ രണ്ടെണ്ണത്തിന്റെ പണി നടന്നുവരികയാണ്. ഒ.എച്ച്. ടാങ്കുകളുടെ എണ്ണം ഏഴാണ്. കുട്ടനാട് വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്നുണ്ടെങ്കിലും കുടിക്കാൻ ഒരു തുള്ളി വെള്ളവുമില്ല. ഈ സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ടി ഗവണ്മെന്റിനെക്കൊണ്ട് ആകാവുന്ന വിധത്തിൽ, സാമ്പത്തിക പരാധീനതകളുണ്ടെങ്കിലും പരാധീനതകളുടെ നടുവിൽനിന്നു കൊണ്ടുപോലും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അതോടൊപ്പം ശ്രീ. സി. എഫ്. തോമസ് ഇത് സംബന്ധിച്ച് എനിക്ക് ഒരു കത്തു തന്നിട്ടുണ്ട്. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി ഇതിനെക്കുറിച്ചുള്ള കാര്യങ്ങൾ പറഞ്ഞു. നമുക്കെല്ലാപേർക്കുംകൂടി ഒരുമിച്ചിരുന്നു ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കാവുന്നതാണ്.

ഡോ. കെ. സി. ജോസഫ്: ചർച്ച നടത്താം. ഇവിടെ നീരേറ്റുപുറം പദ്ധതിക്ക് വാട്ടർ അതോറിറ്റി പറഞ്ഞതനുസരിച്ചാണ് പൈസ കൊടുത്തിട്ടുള്ളത്. പഞ്ചായത്തും ഞാനുമൊക്കെ മുൻകയ്യെടുത്ത് കഴിഞ്ഞ മൂന്ന് കൊല്ലമായി അതിന് പരിശ്രമിക്കുന്നുണ്ട്. എന്നാൽ ഇവിടത്തെ പ്രശ്നം ഇപ്പോഴത്തെ ട്രാൻസ്മിഷൻ ലൈനും പ്രധാന ഡിസ്ട്രിബ്യൂഷൻ ലൈനും ഉപയോഗക്ഷമമല്ലാതെ കിടക്കുന്നു എന്നുള്ളതാണ്. ചില സ്ഥലങ്ങളിൽ ലൈനുമില്ല. നീരേറ്റുപുറം ട്രീറ്റുമെന്റ് പ്ലാന്റിന്റെ പണി പൂർത്തീകരിച്ചാലും വെള്ളം വിതരണം ചെയ്യണമെങ്കിൽ ഈ പ്രധാന ട്രാൻസ്മിഷൻ ലൈൻ റിലേ ചെയ്യുന്നതിനും, മെയിൻ ഡിസ്ട്രിബ്യൂഷൻ ലൈൻ റിലേ ചെയ്യുന്നതിനും, പൈപ്പ് ലൈൻ ഇല്ലാത്ത സ്ഥലങ്ങളിൽ പൈപ്പിടുന്നതിനും വേണ്ടിയുള്ള ഒരു പദ്ധതി കൂടിയുണ്ടാകണം. അതിനുവേണ്ട ഒരു പദ്ധതിക്ക് രൂപംകൊടുക്കുന്നതിനുള്ള നടപടികൂടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞാൻ നേരത്തെ അങ്ങയോട് സൂചിപ്പിച്ചു എ.ആർ.പി. സ്കീമിലായതുകൊണ്ട് ഞങ്ങൾക്ക് ചില വർക്കുകൾ ചെയ്യാൻ കഴിയും. അതുകൊണ്ട് എ.ആർ.പി. സ്കീമിന്റെ ഏരിയയിൽ വരുന്ന കാര്യങ്ങളെ കുറിച്ച് ഗവണ്മെന്റ് പരിശോധിക്കാം. സാമ്പത്തിക പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് ചെയ്യാവുന്നതിന്റെ മാക്സിമം ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly